## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2734 18.06.2018ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകൾക്ക് വാർഷിക ഗ്രാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ ആകെ എത്രയെണ്ണമുണ്ടെന്നും അവയിൽ സർക്കാർ അംഗീകാരമുള്ളവ എത്രയെന്നും അറിയിക്കാമോ; ഇവയിലാകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; സർക്കാർ നേരിട്ടുനടത്തുന്ന സ്പെഷ്യൽ സ്കൂളുകൾ ഏതൊക്കെ; | (എ) | കേരളത്തിൽ മാനസികമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന 317 സ്പെഷ്യൽ സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ പി.ഡബ്ല്യൂ.ഡി ആക്ട്/റൂൾസ് പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ ഏകദേശം 23,500 ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. തിരുവനന്തപുരം, പാങ്ങാപ്പാറയിൽ പ്രവർത്തിക്കുന്ന സി.എച്ച് മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി), പാങ്ങപ്പാറ, എന്ന സ്ഥാപനം സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ സ്വയംഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നു. |
| (ബി) | ഈ സ്കൂളുകളിൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ഉച്ചഭക്ഷണമോ പാഠപുസ്തകങ്ങളോ യൂണിഫോമുകളോ നൽകുന്നുണ്ടോ; പ്രസ്തുത ആവശ്യങ്ങൾക്കായി ഗ്രാന്റ് അനുവദിക്കുന്നുണ്ടോ; എങ്കിൽ ഇപ്രകാരം നൽകുന്ന വാർഷിക ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സ്പെഷ്യൽ സ്കൂളുകളിൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ഉച്ചഭക്ഷണവും പാഠപുസ്തകങ്ങളും നൽകുന്നുണ്ടെങ്കിലും യൂണിഫോം നൽകുന്നില്ല. സ്കൂളുകളുടെ പ്രവർത്തന ചെലവിനായി ഗ്രാന്റ് നൽകുന്നുണ്ട്. പൂർണ്ണമായും സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന എസ്.ഐ.എം.സി യിലെ കുട്ടികൾക്ക് ഭക്ഷണവും പാഠപുസ്തകങ്ങളും യൂണിഫോമുകളും നൽകുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം ടി സ്പെഷ്യൽ സ്കൂളുകൾക്കായി 13 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഗ്രാന്റ് 14 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മറ്റ് സ്കൂളുകളിലെ അദ്ധ്യാപകരെ അപേക്ഷിച്ച് ഇവിടെ ജോലി ചെയ്യുന്നവർക്ക് താരതമ്യേന വളരെ കുറഞ്ഞ ശമ്പളം മാത്രമാണ് നൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയിൽ പല സ്കൂളുകളിലും വിദ്യാർത്ഥികളെ സൗജന്യമായാണ് പഠിപ്പിക്കുന്നതെന്നതിനാൽ അടച്ചുപൂട്ടലിൽ നിന്നും രക്ഷിക്കുന്നതിന് മതിയായ ഗ്രാന്റ് അനുവദിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഭാഗം സ്കൂളുകൾക്കായി 2017-2018 വർഷം 13 കോടി രൂപ വകയിരുത്തിയത് 2018-19 സാമ്പത്തിക വർഷം 14 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മതിയായ ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ